HLM-0159

The Heavenly Light Ministry

എന്നേശു അല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ
നിൻ മാർവ്വിലല്ലാടില്ലെനിക്ക് വിശ്രാമം വേറെ
ഈ പാരിലും പരത്തിലും നിസ്തുല പ്രീയൻ നീ
എൻ രക്ഷകാ എൻ ദൈവമേ നീയല്ലാതില്ലാരും
എൻ യേശു മാത്രം മതിഎനിക്കേതു നേരത്തും.

എൻ ക്ഷീണിത രോഗത്തിലും നീ മാത്രമെൻ വൈദ്യൻ
വെറാരെയും കാണുന്നില്ലെൻ രോഗ ശാന്തിക്കായ്
ഈ പാരിടം എന്നാശ്രയം എന്നേശു കർത്താവേ
എൻ രക്ഷക എൻ ദൈവമേ നീയല്ലാതില്ലാരും
എൻ യേശു മാത്രം മതി എനിക്കേതു നേരത്തും.

വൻ ഭാരങ്ങൾ പ്രയാസങ്ങൾ നേരിടും നേരത്തും
എൻ ചാരുകേ ഞാൻ കാണുന്നുണ്ടെൻ സ്നേഹസഖിയായ്
ഈ ലോക സഖികളെല്ലാരും മാറിപോയാലും
എൻ രക്ഷകാ എൻ ദൈവമേ നീയല്ലാതില്ലാരും
എൻ യേശു മാത്രം മതിഎനിക്കേതു നേരത്തും.